## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4414 — 19.10.2011-ൽ മറുപടിക്ക്

# കേരള കാർഷിക സർവ്വകലാശാല വക ഫാമുകളിൽ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയുടെ ഫാമുകളിൽ തൊഴിലാളികളെ നിയമിക്കുന്നതിന് തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നല്കി ; | എ) ഇതുവരെ നിയമനമൊന്നും നടത്തിയിട്ടില്ല. സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ 2010, 2011 വർഷങ്ങളിൽ കാഷ്വൽ തൊഴിലാളി തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുകയും അതിൽ 14 കേന്ദ്രങ്ങളിലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓടക്കാലി സ്റ്റേഷനിൽ 2001ൽ നടന്ന കാഷ്വൽ തൊഴിലാളി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഡബ്ലിയു.പി 16914/2003ൽ 01.12.2010ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ ഓടക്കാലി സ്റ്റേഷനിൽ 2001ൽ പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കെല്ലാം നിയമനം നൽകിയ ശേഷം മാത്രമേ സർവ്വകലാ ശാലയുടെ മറ്റു കേന്ദ്രങ്ങളിൽ നിയമനം നടത്താവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നത് മൂലം, കാഷ്വൽ തൊഴിലാളി നിയമന നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. |
| ബി) നിലവിലുള്ള ഒഴിവുകളിൽ എന്ന് നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ ; | ബി) മേൽപ്പറഞ്ഞ ഹൈക്കോടതി വിധിക്കെതിരെ സർവ്വകലാശാല അപ്പീൽ നൽകിയിട്ടുണ്ട്. വിധിയിലെ പ്രതികൂല ഭാഗങ്ങൾ നീക്കി കിട്ടുന്ന മുറക്ക് കാഷ്വൽ തൊഴിലാളി നിയമനം നടത്തുന്നതാണ്. |

| | |
|---|---|
| സി) ക്ലാസ് 4 തസ്തികയിലെ 50% ഒഴിവുകളിൽ തൊഴിലാളികളിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | സി) സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്താൻ സർക്കാർ നിർദ്ദേശം ഉള്ളതിനാൽ ഇതിനായി സർവ്വകലാശാല ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുകയും മറ്റു നടപടിക്രമങ്ങൾ പാലിക്കേണ്ടതായും ഉണ്ട്. അതുവരെ നിയമന നടപടികൾ നിർത്തിവെയ്ക്കാൻ സർക്കാർ സർവ്വകലാശാലയോട് നിർദ്ദേശിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതിന് അനദ്ധ്യാപക തസ്തികകളുടെ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി വരുത്തി പരമാധികാര സഭയായ ജനറൽ കൗൺസിലിന്റെ അംഗീകാരത്തോടെ പ്രസ്തുത സ്റ്റാറ്റ്യൂട്ടുകൾക്ക് ചാൻസിലറുടെ അനുമതി ലഭിക്കേണ്ടതായുണ്ട്. അതിനായുള്ള വിജ്ഞാപനത്തിന് 23.7.2011 ലെ 485-ാമത് ഭരണസമിതി യോഗം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജി.എ/ഇ3/41421/2009-ാം നമ്പറിലുള്ള ഔദ്യോഗിക പ്രമേയത്തിന് 6.8.2011 ലെ 111-ാമത് ജനറൽ കൗൺസിൽ യോഗം അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റാറ്റ്യൂട്ട് വിജ്ഞാപനത്തിന് ബഹു. ചാൻസിലറുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.<br><br>മേൽ സാഹചര്യങ്ങളാൽ തസ്തികമാറ്റം വഴി ക്ലാസ് IV തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി സ്വീകരിച്ച അപേക്ഷകളിൽ തുടർനടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിനായി പ്രസ്തുത വിഷയം ഭരണസമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ